## പതിനഞ്ചാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 454** **28-01-2026-ൽ മറുപടിയ്ക്ക്**

### <u>കിഫ്ബി സി.ഇ.ഒ.യുടെയും ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും</u>

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. റോജി എം. ജോൺ ശ്രീ. വി. ഡി. സതീശൻ

ശ്രീ. റോജി എം. ജോൺ (മുഖ്യമന്ത്രി)

**(എ)** കിഫ്ബി സി.ഇ.ഒ.യുടെ ശമ്പളം അവസാനമായി പരിഷ്കരിച്ചതെന്നാണെന്ന് അറിയിക്കുമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

**<u>മറുപടി:</u>** 2017 ൽ നിയമിച്ചതിനു ശേഷം നാളിതുവരെ കിഫ്ബി സി.ഇ.ഒയുടെ ശമ്പളം പരിഷ്കരിച്ചിട്ടില്ല. നിയമന കരാർ പ്രകാരമുള്ള വാർഷിക ഇൻക്രിമെന്റ് ആയ 10% നൽകി വരുകയായിരുന്നു. 2024 മുതൽ കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച പെർഫോമൻസ് മാനേജ്മെന്റ് പോളിസി പ്രകാരം, ഉദ്യോഗസ്ഥർക്ക് നൽകേണ്ട വാർഷിക വർദ്ധനവിലെ നിശ്ചിത വർദ്ധനവായ 7 ശതമാനമാണ് നൽകി വരുന്നത്. അവസാനമായി വർദ്ധനവ് നൽകിയത് 01/04/2025 ൽ ആണ്. മേൽ വർദ്ധനവ് നിയമന കരാർ പ്രകാരമുള്ള വാർഷിക വർദ്ധനവിന് ഉള്ളിൽ ആയതിനാലും, കിഫ്ബിയുടെ ബോർഡ് അംഗീകരിച്ച പോളിസി പ്രകാരം ആയതിനാലും, പ്രത്യേക ഉത്തരവ് ഇറക്കിയിട്ടില്ല.

**(ബി)** ശമ്പളം, മറ്റ് അലവൻസുകൾ എന്നീ ഇനങ്ങളിലായി നാളിതുവരെ കിഫ്ബി സി.ഇ.ഒ. കൈപ്പറ്റിയ തുകയുടെ പ്രതിമാസ വിവരങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** ശമ്പള ഇനത്തിൽ 2018 ജനുവരിയിൽ 1,77,419 രൂപയും 2018 ഫെബ്രുവരി മുതൽ 2018 ഡിസംബർ വരെ പ്രതിമാസം 2,75,000 രൂപയും 2019 ജനുവരി മുതൽ 2019 ഡിസംബർ വരെ പ്രതിമാസം 3,02,500 രൂപയും, 2020 ജനുവരി മുതൽ 2021 ഡിസംബർ വരെ പ്രതിമാസം 3,30,000 രൂപയും, 2022 ജനുവരി മുതൽ 2022 ഡിസംബർ വരെ പ്രതിമാസം 3,49,250 രൂപയും, 2023 ജനുവരി മുതൽ 2023 ഡിസംബർ വരെ പ്രതിമാസം 3,68,500 രൂപയും, 2024 ജനുവരി മുതൽ 2025 മാർച്ച് വരെ പ്രതിമാസം 3,87,750 രൂപയും, 2025 ഏപ്രിൽ മുതൽ 2025 ഡിസംബർ വരെ പ്രതിമാസം 4,07,000 രൂപയും നൽകിയിട്ടുണ്ട്. ലീവ് സറണ്ടർ ഇനത്തിൽ 2019 ൽ 1,51,250 രൂപയും, 2021 ൽ 1,65,000 രൂപയും, 2023 ൽ 1,84,250 രൂപയും, 2024 ൽ 1,84,250 രൂപയും നൽകിയിട്ടുണ്ട്. കൂടാതെ ഉത്സവ ബത്ത ഇനത്തിൽ 2018 മുതൽ 2024 വരെ പ്രതിവർഷം 2,750 രൂപയും, 2025 ൽ 3,000 രൂപയും നൽകിയിട്ടുണ്ട്.

**(സി)** കിഫ്ബി ജീവനക്കാർക്ക് ശമ്പളത്തോടൊപ്പം പ്രത്യേക അലവൻസുകൾ നൽകുന്നുണ്ടോ; എങ്കിൽ ഏതൊക്കെ അലവൻസുകളാണ് നൽകുന്നതെന്നും ഓരോ അലവൻസിനും നൽകുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; ആയത് സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കിഫ്ബിയിൽ ജോലി ചെയ്യുന്ന സർക്കാർ ഉദ്യോഗസ്ഥർക്ക് ശമ്പളത്തോടൊപ്പം പ്രതിമാസം 20,000 രൂപ വരെ പ്രൊജക്റ്റ് അലവൻസായി നൽകുന്നുണ്ട്. ആയതിന്റെ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി നൽകുന്നു.

**സെക്ഷൻ ഓഫീസർ**